# Week 1

# Weekly - Devotion February 2017

**യഹോവയിൽ ആശ്രയിക്കുന്നത് നല്ലത്. (സങ്കീ. 118:8)**

## ( Trust in the Lord is good )




2002 ജൂൺ 30 ഞായറാഴ്ച്ച വൈകുന്നേരം ജപ്പാനിലെ യോക്കോഹോമ (Yokohoma) സ്റ്റേഡിയത്തിൽ ബ്രസീലും ജർമ്മനിയും തമ്മിലുള്ള ഫുട്ബോൾ മത്സരം നടക്കുകയായിരുന്നു. റൊണാൾഡോയുടെ ഉഗ്രൻ രണ്ടുഗോൾ ബ്രസീലിനെ വിജയത്തിലേക്കെത്തിച്ചത് ഫുട്ബോൾ പ്രേമികൾ ടെലിവിഷന്റെ മുൻപിലിരുന്ന് ആസ്വദിച്ചു. ക്യാമറാകണ്ണുകൾ ഗ്രൗണ്ടിന്റെ പലഭാഗത്തുള്ള ദൃശ്യങ്ങൾ ഒപ്പിയെടുത്ത് കാണികൾക്ക് സമ്മനിച്ചു. എന്നെ ഏറ്റവും സന്തോഷിപ്പിച്ച ചില കാഴ്ചകളെപ്പറ്റി, വളർന്നു വരുന്ന കുഞ്ഞുങ്ങൾക്കായി ഞാൻ അനുസ്മരിക്കട്ടെ, ഒരിടത്ത് മൂന്നുപേർ മുട്ടിന്മേൽ നിന്ന് പ്രാർത്ഥിക്കുന്നു, മറ്റൊരിടത്ത് ചിലർ കവിണ്ണു വീണ് പ്രാർത്ഥിക്കുന്നു, ജേഴ്സി ഊരീയ ചിലരുടെ ബനിയനിൽ ''ഞാൻ യേശുവിനെ സ്നേഹിക്കുന്നു'', ''യേശുവിൽ വിശ്വസിക്കുന്നു'' എന്നും 100% യേശു ക്രിസ്തു എന്നും രേഖപ്പെടുത്തിയിരുന്നു. തുടർന്ന് ടീം അംഗങ്ങൾ കൈകോർത്തു പിടിച്ച് ദൈവത്തിന് നന്ദി രേഖപ്പെടുത്തുകയും ലോകകപ്പ് ഏറ്റു വാങ്ങുകയും ചെയ്തു. യഹോവയിലാശ്രയിക്കുന്നവർക്കു ലഭിച്ച അനുഗ്രഹവും, ആ അനുഗ്രഹലബ്ധിക്ക് ദാതാവിന് നന്ദി കരേറ്റുന്നതുമാണ് അന്ന് കാണികൾക്ക് ദൃശ്യമാധ്യമം സമ്മാനിച്ചത്.

## യഹോവയിൽ ആശ്രയം വയ്ക്കുന്ന ഒരാൾ ചെയ്യേണ്ട കാര്യങ്ങൾ എന്തെല്ലാം.




**1. ദൈവകരങ്ങളിൽ പൂർണ്ണമായി തങ്ങളെ തന്നെ സമർപ്പിക്കണം.**

" ഞാൻ ഭയപ്പെടുന്ന നാളിൽ നിന്നിലാശ്രയിക്കും. ഞാൻ ദൈവത്തിൽ അവന്റെ വചനത്തെ പുകഴും; ഞാൻ ദൈവത്തിലാശ്രയിക്കുന്നു, ഞാൻ ഭയപ്പെടുകയില്ല". ശത്രുക്കളുടെ നടുവിലായാലും ദൈവത്തിലാശ്രയിക്കുന്ന വ്യക്തിക്ക് ഭയപ്പെടേണ്ട കാര്യമില്ല. ദൈവ മുമ്പാകെ ജീവന്റെ പ്രകാശത്തിൽ നടക്കുക മാത്രമല്ല അവന്റെ ചിറകിൽ നിഴലിൻ ശരണം പ്രാപിക്കുന്നവനെ യഹോവ കൈവിടുകയില്ല എന്ന ഉറപ്പും ദൈവമക്കൾക്കുണ്ട്. യുവലോകം ഇന്ന് 'Newgeneration' എന്ന വാക്ക് ഉപയോഗിച്ച് പല പ്രവർത്തികളും ചെയ്യുമ്പോൾ ഓർക്കുക യഹോവയോടുള്ള ആശ്രയമാണ് നഷ്ടമാകുന്നത് എന്ന്, നേട്ടങ്ങൾ എന്ത് ലഭ്യമായാലും ഒന്നും നമ്മുടെ കഴിവോ, പണമോ, വിദ്യാഭ്യാസമോ മൂലം ലഭ്യമായി എന്ന് വിചാരിക്കരുത്. എല്ലാം യഹോവയുടെ ദാനമെന്ന് കരുതി നന്ദി പറയുക. ഇവിടെയാണ് ബ്രസീലിയൻ ടീം നമുക്ക് അത്ഭുതമാകുന്നത്. നമ്മുടെ ജീവിതത്തിലെ എല്ലാ രംഗങ്ങളിലും യേശുവിന് മുഖ്യസ്ഥാനം നൽകുക. അപ്പോൾ യഹോവ നമുക്ക് വേണ്ടി പ്രവർത്തിക്കുന്നു എന്ന് മറ്റുള്ളവർ പോലും പറയുവാനിടയാകും.

eg : പുറ (14:25)

**2. യഹോവയ്ക്കനിഷ്ടമായവയെ ഉപേക്ഷിക്കണം.**

ഇരുപത് വയസ്സിൽ രാജവാഴ്ച്ച തുടങ്ങി, തന്റെ പിതാവായ ദാവീദ് ചെയ്തതുപോലെ യഹോവയ്ക്ക് പ്രസാദമായുള്ളത് ചെയ്യാത്തവനായിരുന്നു ആഹാസ്. യഹോവ നീക്കിക്കളഞ്ഞതിനെ (സകല മ്ലേച്ഛതകളും) അവൻ മടക്കിക്കൊണ്ടുവന്നു. എന്നാൽ അവന്റെ മകനായ ഹിസ്ക്കിയാവ് രാജാവായപ്പോൾ, പിതാവ് ( ആഹാസ് ) ചെയ്ത എല്ലാ മ്ലേച്ഛമായ വസ്തുകളെയും ആചാരങ്ങളെയും ഉടെച്ചും തകർത്തും കളഞ്ഞു. ഹിസ്ക്കിയാവ് യഹോവയ്ക്ക് ഹിതകരമായത് ചെയ്തു. ഇതാണ് നെഹുഷ്ഠാൻ. യഹോവ അതിനാൽ അവനോടു കൂടെയിരുന്നു. അവന് മുമ്പും പിമ്പും ഉണ്ടായിരുന്ന സകല

യെഹൂദാ രാജാക്കന്മാരിലും ആരും അവനോട് തുല്യനായിരുന്നില്ല. യഹോവ അവനെ അനുഗ്രഹിച്ചു. ( 2 രാജാ:16:2-4) (2 രാജാ:18: 1-5) വരെയും വായിക്കുക.

ഇതുപോലെ പാരമ്പര്യ ചെയ്തികൾ എന്ന് പറഞ്ഞ് സ്വീകരിച്ചിരിക്കുന്ന ചില സ്വഭാവങ്ങൾ ദൈവ ഹിതമല്ല എന്ന് മനസ്സിലാക്കിയാൽ അവയെ ഉപേക്ഷിക്കുക. എങ്കിൽ മാത്രമേ യഹോവ കൂടെയിരുന്ന് നമ്മെ അനുഗ്രഹിക്കുകയുള്ളു.

**3. ആശ്രയിക്കുന്നവർക്ക് അവൻ പരിചയാകുന്നു.**

" തന്നെ ശരണമാക്കുന്ന ഏവർക്കും അവൻ പരിചയാകുന്നു" (സങ്കീ 18: 30), യഹോവ തന്റെ സകല വഴികളിലും നീതിമാനാകുന്നു. കൂടാതെ സത്യമായി തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും അവൻ സമീപസ്ഥനും ആകുന്നു. അവന്റെ വഴിയിൽ നടക്കണമെന്നാഗ്രഹിക്കുന്നവർ ദൈവവചനം കണ്ടെത്തി ഭക്ഷിച്ചാൽ മതി. പരിശുദ്ധാത്മാവാണ് നമ്മെ സകല സത്യത്തിലും വഴി നടത്തുന്നത്. വഴി നടത്തുന്ന ദൈവ ശബ്ദം പോലെതന്നെ വഴിപിഴപ്പിക്കുന്ന ശബ്ദവുമായി വരുന്നവരുടെ എണ്ണം വർദ്ധിക്കുന്ന ഈ കാലത്ത് അത് മനസ്സിലാക്കുവാനുള്ള കഴിവ് ലഭിക്കണേ എന്ന് പ്രാർത്ഥിക്കേണ്ടതാണ്.

**4. ആശ്രയം യഹോവയിലായാൽ ഫലശൂന്യത വരുകയില്ല.**

ഭാഗ്യവാനായ നീതിമാൻ ആറ്റരികത്ത് നട്ടതും, തക്കകാലത്ത് ഫലം കായിച്ച് ഇലവാടാതെ നില്ക്കുന്ന വൃക്ഷം പോലെയുമാണ്. വൃക്ഷം എവിടെ നില്ക്കുന്നോ അതിനനുസരിച്ചായിരിക്കും വൃക്ഷത്തിന്റെ ഫലവും തഴപ്പും. ശൂന്യതാബോധം മനുഷ്യരെ നിരാശയിലേക്ക് നയിക്കുന്നു. നിരാശാ ബോധം ആത്മഹത്യയിലേക്കും എത്തിക്കുന്നു. ദാവീദ് രാജാവ് പാടിയതുപോലെ നമുക്കും പാടാം ചിലർ രഥങ്ങളിലും കുതിരകളിലും ആശ്രയിക്കുന്നു, ഞങ്ങളോ ഞങ്ങളുടെ ദൈവമായ യഹോവയിലാശ്രയിച്ച് ഫലമുള്ളവരായിത്തീരുന്നു.

**5. പരിശുദ്ധാത്മാവിനാൽ ശ്രദ്ധിക്കപ്പെടുന്നു.**

യഹോവയിലാശ്രയിക്കുന്നവന് ലഭിക്കുന്ന ഭാഗ്യമാണിത്, അവൻ എന്റെ ഉപനിധി. ആ ദിവസം വരെ സൂക്ഷിപ്പാൻ ശക്തൻ. " ആ നല്ല ഉപനിധി നമ്മിൽ അധിവസിക്കുന്ന പരിശുദ്ധാത്മാവിനാൽ സൂക്ഷിച്ചു കൊള്ളുക" എന്ന് (2തിമൊ: 1:12.14) വാക്യങ്ങളിൽ കാണാം. കുഞ്ഞുങ്ങളെ നമ്മുടെ ജീവിതം ദൈവം ആക്കി വച്ചിടത്തു നിന്നും മാറിയിട്ടുണ്ടോ? ലൗകീക ജീവിത സന്തോഷത്തിനായി ജീവിതത്തിന് മാറ്റം വരുത്തിയെങ്കിൽ അത് ഉപേക്ഷിച്ച് യഹോവയിലാശ്രയിക്കും എന്ന് ശക്തമായ തീരുമാനം എടുക്കുക.

## പ്രാർത്ഥന

മനുഷ്യനിലാശ്രയിക്കുന്നതിനേക്കാൾ യഹോവയിലാശ്രയിക്കുന്നത് നല്ലതെന്ന് പഠിപ്പിച്ച ദൈവമേ! അങ്ങയിൽ ആശ്രയിക്കുന്നവരുടെ ഭാഗ്യാവസ്ഥയിലേക്ക് ഞങ്ങളെയും സ്വീകരിക്കേണമേ. യഹോവയിലാശ്രയിക്കുന്നവർ എന്നേക്കും നില്ക്കുന്ന സീയോൻ പർവ്വതമാകയാൽ ആ ദൗത്യത്തിലെത്താൻ ഞങ്ങളെയും സഹായിക്കേണമേ,

ആമേൻ

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind